“


# കേരള കാർഷിക സർവ്വകലാശാല

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ , വയനാട് –673 593

**മൊബൈൽ: 9188224421, ഫോൺ: 04936 260421/260561**

**ഇമെയിൽ: rarsamb@kau.in/adramb@kau.in**


നമ്പർ:4864/2023(1) തീയതി: 12.12.2023

## പുനർ **ടെൻഡർ നോട്ടീസ്**

കേരള കാർഷിക സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് **2024 ജനുവരി മാസം 01 മുതൽ 15 വരെ** നടത്തുന്ന പുഷ്പഫല പ്രദർശന മേള **“പൂപ്പൊലി 2024 ”**ന്റെ ഭാഗമായി **വെളിച്ചത്തിനുള്ള** സംവിധാനങ്ങൾ ഏർപ്പാടാക്കിത്തരുന്നതിന് **GST രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ നിന്നും** മുദ്രവച്ച ടെൻഡർ ക്ഷണിച്ചുകൊള്ളുന്നു. ചുവടെ പേര് കൊടുത്ത സാധനങ്ങൾ ഒരു ദിവസത്തേയ്ക്ക് നൽകുന്നതിനുള്ള വാടകയാണ് ടെൻഡറിൽ കാണിക്കേണ്ടത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

### ആവശ്യമുള്ള സാധനങ്ങൾ

| Sl.No. | Items | Approximate Number | Rate/day /one(Rs) |
|---|---|---|---|
| 1 | Tube | 400 Nos | |
| 2 | M.H 400 w | 100 Nos | |
| 3 | LED Flood light 200 watt | 450 Nos | |
| 4 | LED Flood light 100 w | 300 Nos | |
| 5 | LED bulb (40 w) | 500 Nos | |
| 6 | LED Par Light | 200 Nos | |
| 7 | GI Post (20 feet) | 100 Nos | |
| 8 | GI Post (12 feet) | 100 Nos | |
| 9 | Plug-point | 400 Nos | |
| 10 | Power Plug | 100 Nos | |
| 11 | Crazy 4 (Face Light) | 24 Nos | |
| 12 | Ceiling Fan | 200 Nos | |
| 13 | Pedestrian Fan | 80 Nos | |
| 14 | Sharpy | 10 Nos | |
| 15 | LED serial set | 500 Nos | |
| 16 | LED Pixel (1Set, 40 No Bulbs) | 1000 Nos | |
| 17 | LED Thoranam Light | 500 Nos | |
| 18 | LED Pin Spot | 100 Nos | |
| 19 | Smoke Machine | 2 Nos | |

ടെൻഡറിനോടൊപ്പം ടെൻഡർ **സമർപ്പിക്കുന്ന വ്യക്തിയുടെ ഐഡന്റിറ്റി തെളിയിക്കുന്ന രേഖയും, നിയമാനുസൃതമുള്ള ലൈസൻസും നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.**

- **ടെൻഡർ ലഭിക്കുന്ന ആൾക്കും, കൂടെയുള്ള തൊഴിലാളികൾക്കും ഈ സ്ഥാപനത്തിന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നിർബന്ധമാണ്. ഇത് ലഭിക്കുന്നതിനായി ഫോട്ടോയും, തിരിച്ചറിയൽ കാർഡുകളും എക്സിബിഷൻ തുടങ്ങുന്നതിന് ഒരാഴ്ച മുൻപ് ഓഫീസിൽ ഹാജരാക്കേതാണ്.**
- എല്ലാ ഉപകരണങ്ങളും സ്ഥാപനത്തിൽ എത്തിക്കുകയും ഫിറ്റ് ചെയ്ത് എക്സിബിഷൻ ആരംഭിക്കുന്നതിന് ഒരു ദിവസം മുൻപു തന്നെ കൃത്യമായി പ്രവർത്തിപ്പിക്കുകയും (Trial run) ആയത് ബന്ധപ്പെട്ട കമ്മറ്റിയെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതുമാണ്.

- ഏതെങ്കിലും ഉപകരണമോ സംവിധാനമോ എക്സിബിഷൻ കാലയളവിൽ പ്രവർത്തനരഹിത മാകുകയാണെങ്കിൽ ഓഫീസിൽ നിന്നും അറിയിപ്പു കിട്ടുന്ന മുറയ്ക്ക് പകരം സംവിധാനം കാലതാമസമില്ലാതെ ഏർപ്പെടുത്തേണ്ടതാണ്.
- ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് ഒരു കാരണവശാലും മുൻകൂർ തുക ഒന്നും തന്നെ അനുവദിക്കുന്നതല്ല.
- **ആർ.എ.ആർ.എസ്. അമ്പലവയൽ നിർദ്ദേശിക്കുന്ന കണക്ട് ലോഡ് പ്രകാരം എല്ലാ സുരക്ഷാ മാനദണ്ഡങ്ങളോടും കൂടി ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും ഇൻസ്റ്റലേഷൻ പൂർത്തിയാക്കുവാൻ ലൈസൻസുള്ള ഗവൺമെന്റ് അംഗീകൃത കോൺട്രാക്ടർ ആയിരിക്കണം കരാറുകാരൻ.**
- **എക്സിബിഷൻ തുടങ്ങുന്നതിന് മുൻപായി ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നും completion report പൂർത്തിയാക്കി ഈ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ബോധ്യപ്പെടുത്തിയാൽ മാത്രമേ അന്തിമമായി ലേലം/കരാർ ഉറപ്പിക്കുകയുള്ളു.**
- ആവശ്യമുള്ള ഇൻഷുറൻസ് പരിരക്ഷ കോൺട്രാക്ടർ സ്വന്തം ഉത്തരവാദിത്തിൽ ചെയ്യേണ്ട താണ്
- ഇത്തരം പ്രവർത്തികൾ നടത്തി പരിചയമുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. ആയതിനായി ക്വട്ടേഷനോടൊപ്പം രേഖകളുടെ പകർപ്പുകൾ സമർപ്പിക്കേണ്ടതാണ്.
- ഉപകരണങ്ങൾ എല്ലാം മുഴുവൻ സമയവും പ്രവർത്തന സജ്ജമായിരിക്കണം, ഉപകരണ ങ്ങൾക്ക് പോരായ്മയുണ്ടായാൽ കമ്മറ്റി അംഗങ്ങളോ, അവർ ചുമതലപ്പെടുത്തുന്നവരോ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻ തന്നെ അവ പരിഹരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയ തിന്റെ വാടക നൽകുന്നതല്ല.
- പട്ടികയിൽ പറഞ്ഞിരിക്കുന്ന ഇനങ്ങളുടെ എണ്ണം കൂട്ടുവാനോ കുറയ്ക്കുവാനോ ഉള്ള അധികാരം കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

<u>കവറിന് പുറത്ത് എഴുതേണ്ടത് : വെളിച്ചത്തിനുള്ള സംവിധാനങ്ങൾ നൽകുന്നതിനുള്ള റീടെൻഡർ</u>

| | |
|---|---|
| ടെൻഡർ ലഭിയ്ക്കേണ്ട അവസാന തിയതി, സമയം | : **21.12. 2023, 2.00 pm** |
| ടെൻഡർ **തുറക്കുന്ന തിയതി, സമയം** | : **21.12.2023, 2.30 pm** |
| **നിരതദ്രവ്യം** | : **25,000 /-രൂപ (ഇരുപത്തയ്യായിരം രൂപ)** (DD ആയി) |
| **ടെൻഡർ വില** | : 1000 /- **രൂപ (+18% GST)** (DD ആയി) |
| ടെൻഡർ അയയ്ക്കേണ്ട വിലാസം | : അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,<br>മേഖലാ കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട് |

ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും, സെക്യൂരിറ്റി ഡെപ്പോസിറ്റിനും അംഗീകൃത ബാങ്കുകളുടെ ഡിമാൻഡ് ഡ്രാഫ്റ്റ് മാത്രമേ സ്വീകരിക്കുകയുള്ളൂ. അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാടിന്റെ പേരിൽ SBI കൊളഗപ്പാറ ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റുകളാകണം അയയ്ക്കേണ്ടത്. **ടെൻഡർ വിലയ്ക്കും, നിരതദ്രവ്യത്തിനും പ്രത്യേകം പ്രത്യേകം ഡ്രാഫ്റ്റുകൾ നൽകണം**. കെ.എ.യു. വെബ്സൈറ്റിൽ നിന്നുമെടുത്ത ടെൻഡർ ഫോമിൽ ടെൻഡറുകൾ സമർപ്പിച്ചിരിക്കണം

<u>**നിബന്ധനകൾ:**</u>

നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന ടെൻഡറുകൾ പരിഗണിയ്ക്കുന്നതല്ല. ടെൻഡറുകൾ കാർഷിക സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന ഫോമിൽ തന്നെ തയ്യാറാക്കി **200/- രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ്** സഹിതം നിശ്ചിത സമയത്ത് നൽകേണ്ടതാണ്. എറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്. ടെൻഡർ ഉറക്കുന്ന സമയം ഹാജരുള്ളവരെ ഉൾപ്പെടുത്തി ആവശ്യമെങ്കിൽ ലേലവും

നടത്തുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.

ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസൽ നിന്നുള്ള ഓർഡർ /നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണ ഉത്തരവാദിത്തത്തോട് കൂടി ശബ്ദവും വെളിച്ചവും എത്തിച്ചു തരുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും. അല്ലാത്തപക്ഷം തക്കതായ നടപടികൾ സ്വീകരിക്കുകയും നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽ കൂട്ടാകുന്നതുമാണ്. സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ **ടെൻഡ**റിനും ബാധകമാണ്. **ടെൻഡർ** ലഭിക്കുന്ന വ്യക്തി നിശ്ചിത ഫോറത്തിലുള്ള എഗ്രിമന്റ് സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം **ക്വാട്ട് ചെയ്യുന്ന തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റും** നൽകേണ്ടതാണ്. നിരതദ്രവ്യം, സെക്യൂരി ഡെപ്പോസിറ്റിലേയ്ക്ക് വരവ് വെക്കാവുന്നതിനാൽ ശേഷിക്കുന്ന തുക സെക്യൂരി ഡെപ്പോസിറ്റായി നൽകിയാൽ മതിയാകും. **നികുതികൾ ബാധകമാണെങ്കിൽ അത് ടെൻഡർ ലഭിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതാണ്.** ടെൻഡർ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും വർദ്ധിപ്പിക്കുന്നതല്ല. ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ **11.30 am** ന് ടെൻഡർ തുറക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്. **ടെൻഡർ വിലയും, നിരത ദ്രവ്യവും, സെക്യൂരിറ്റി ഡെപ്പോസിറ്റും** സ്റ്റാമ്പ് പേപ്പറിലെ എഗ്രിമെന്റും **ടെൻഡറിനോടൊപ്പം സമർപ്പിച്ചിട്ടില്ലാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.**

(ഒപ്പ്/-)
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

കോപ്പി:- ഡോ. ഡെന്നി ഫ്രാങ്കോ, അസിസ്റ്റൻറ് പ്രൊഫസർ
പകർപ്പ് :- 1. വിതരണത്തിന്
2. നോട്ടീസ്ബോർഡ്
3. വെബ്സൈറ്റ്
4. കൃഷിഭവൻ
5. അമ്പലവയൽ ഗ്രാമപഞ്ചായത്ത്
6. വില്ലേജ് ഓഫീസ്